IT Cell Kottayam 2016-08-20 10:50 001

# കോട്ടയം ജില്ലാ കളക്ടറുടെ നടപടിക്രമം

(ഹാജർ: സി.എ. ലത, ഐ.എ.എസ്)

**ഇ 9-60990/12** **തീയതി: 18/08/16**

വിഷയം:- അനധികൃത മണ്ണ് ഖനനവും നീക്കം ചെയ്യലും- നിയന്ത്രണങ്ങൾ വരുത്തിക്കൊണ്ടുള്ള ഉത്തരവിൽ മാറ്റം വരുത്തുന്നത്- സംബന്ധിച്ച്.

സൂചന :-1.ജില്ലാ കളക്ടറുടെ 26.02.16 ലെ ഇതേ നമ്പർ നടപടിക്രമം.

2.ജിയോളജിസ്റ്റ്, കോട്ടയത്തിന്റെ 08.04.16 ലെ 1930/ഡിഒവൈ/എംഎൽ/2015 നം. കത്ത്.

കോട്ടയം ജില്ലയിൽ വ്യാപകമായും അനധികൃതമായും വലിയ അളവിൽ മണ്ണ് ഖനനവും നീക്കവും നടക്കുന്നതായി ശ്രദ്ധയിൽ പെട്ടതിനെ തുടർന്ന്, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നു നൽകുന്ന കെട്ടിട നിർമ്മാണ പെർമിറ്റിന്റെ അടിസ്ഥാനത്തിൽ വീട് വയ്ക്കുന്നതിനോ, ഫ്ലാറ്റ് നിർമ്മാണത്തിനോ, 300 $M^2$ വിസ്തീർണ്ണത്തിൽ കുറവായ കച്ചവട ആവശ്യത്തിനുള്ള കെട്ടിടം പണിയുന്നതിനോ ഖനനം ചെയ്യുന്ന സാധാരണ മണ്ണ് വാഹനങ്ങളിൽ നീക്കം ചെയ്യേണ്ടതുണ്ടെങ്കിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും നിർബന്ധമായും ലാന്റ് ഡവലപ്മെന്റ് പെർമിറ്റ് വാങ്ങിയിരിക്കണമെന്നും, വില്ലേജ് ഓഫീസറുടെയും ജിയോളജിസ്റ്റിന്റെയും എൻ.ഒ.സി ഉണ്ടെങ്കിൽ മാത്രമേ ലാന്റ് ഡവലപ്മെന്റ് പെർമിറ്റ് അനുവദിക്കാവൂ എന്നും നിഷ്കർഷിച്ചിരുന്നു.

എന്നാൽ, 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നു നൽകുന്ന കെട്ടിട നിർമ്മാണ പെർമിറ്റിന്റെ അടിസ്ഥാനത്തിൽ വീട് വയ്ക്കുന്നതിനോ, ഫ്ലാറ്റ് നിർമ്മാണത്തിനോ, 300 $M^2$ വിസ്തീർണ്ണത്തിൽ കുറവായ കച്ചവട ആവശ്യത്തിനുള്ള കെട്ടിടം പണിയുന്നതിനോ മണ്ണ് ഖനനം ചെയ്യുന്നതിന് മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നുള്ള പെർമിറ്റ് ആവശ്യമില്ലായെന്നും, മൈനിംഗ് & ജിയോളജി ഓഫീസിലെ പരിമിതമായ ജീവനക്കാരെക്കൊണ്ട് എൻ.ഒ.സി അനുവദിക്കുന്നതിലേയ്ക്കും തുടർന്ന് മണ്ണ് കടത്തുന്നതിന് ട്രാൻസിറ്റ് പാസ്സ് അനുവദിക്കുന്നതിലേയ്ക്കും രണ്ട് തവണ സ്ഥല പരിശോധന നടത്തുക പ്രായോഗികമല്ലായെന്നും, ആയതിനാൽ ലാന്റ് ഡവലപ്മെന്റ് പെർമിറ്റ് ലഭിക്കുന്നതിന് ജിയോളജിസ്റ്റിന്റെ എൻ.ഒ.സി വേണമെന്നുള്ള നിബന്ധന ഒഴിവാക്കണമെന്നും സൂചന(2) പ്രകാരം അപേക്ഷിച്ചിട്ടുണ്ട്.

ജിയോളജിസ്റ്റിന്റെ എൻ.ഒ.സി ലഭിക്കാത്തതിനാൽ വീട് നിർമ്മിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലാന്റ് ഡവലപ്മെന്റ് പെർമിറ്റ് ലഭിക്കുന്നില്ലായെന്ന് കാണിച്ച് നിരവധി അപേക്ഷകൾ ലഭിച്ചിട്ടുമുണ്ട്. മേൽ സാഹചര്യത്തിൽ വീട് നിർമ്മാണത്തിന് പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് വീട് വയ്ക്കുന്നതിനോ, ഫ്ലാറ്റ് നിർമ്മാണത്തിനോ, 300 $M^2$ വിസ്തീർണ്ണത്തിൽ കുറവായ കച്ചവട ആവശ്യത്തിനുള്ള കെട്ടിടം പണിയുന്നതിനോ ഖനനം ചെയ്യുന്ന സാധാരണ മണ്ണ് വാഹനങ്ങളിൽ നീക്കം ചെയ്യുന്നതിലേയ്ക്ക് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലാന്റ് ഡവലപ്മെന്റ് പെർമിറ്റ് ലഭിയ്ക്കുന്നതിന് ജിയോളജിസ്റ്റിന്റെ എൻ.ഒ.സി വേണമെന്ന് സൂചന(1) പ്രകാരം ഏർപ്പെടുത്തിയിരുന്ന നിബന്ധന ഒഴിവാക്കി ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ്)

ജില്ലാ കളക്ടർ

**പകർപ്പ്** : 1. എല്ലാ ആർ.ഡി.ഒ മാർക്കും
2. എല്ലാ തഹസിൽദാർമാർക്കും
3. ജിയോളജിസ്റ്റ്, കോട്ടയം
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
5. എല്ലാ മുൻസിപ്പൽ സെക്രട്ടറിമാർക്കും
6. ജില്ലാ കളക്ടറുടെ വെബ് സൈറ്റിലേയ്ക്ക്
7. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

ജൂനിയർ സൂപ്രണ്ട്(ഇ 2)